# ബി ബി എച്ച് എസ്സ്
# നങ്ങ്യാർകുളങ്ങര



## ടെക് മ

## ഇ- മാഗസിൻ

## ലിറ്റിൽ കൈറ്റ്സ് 2018-19

*TECMA*

# എഡിറ്റോറിയൽ

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഞങ്ങൾക്ക് ഏറെ പ്രയോജനപ്രദമാണ്. സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്താനുതകുന്ന ഒരു സംരംഭമാണ് ഇ-മാഗസിൻ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന പരിശീലനങ്ങളാണ് ലഭിക്കുന്നത്. ഇവ പ്രയോജനപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ തിരിച്ചറിഞ്ഞ് സമൂഹത്തിന് ഉപകാരപ്രദമായി മുന്നേറാൻ നമുക്ക് കഴിയട്ടെ.

ആര്യ.ആർ

ചീഫ് എഡിറ്റർ

# MESSAGE



Dear stars,

"Digital Literacy, the ability to use technology to navigate,evaluate and create information". It's more appreciable and excellent in the cyber age. E-journal is a new venture to develop our innovative and creative attitude.

Hence go ahead with the pace of Digital Magazine to conquer the heights of knowledge and maintain a cyber scenario.

Good Luck

Sr. Rajitha
Headmistress

# ആശംസ

വിവരവിനിമയ സാങ്കേതികവിദ്യയോടുള്ള
പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും
സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി
'ലിറ്റിൽ കൈറ്റ്സ് 'എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ
കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ
നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ അംഗങ്ങളായ
വിദ്യാർത്ഥികൾക്ക് വൈവിദ്ധ്യമായ പരിശീലനങ്ങൾ
ലഭിച്ചു വരുന്നു. നൂതന സാങ്കേതിക വിദ്ധ്യയുടെ
ലോകത്തേക്ക് വിദ്ധ്യാർത്ഥികളെ
കൈപിടിച്ചുയർത്തുന്നതിനായുള്ള ശ്രമത്തിന്റെ
ഭാഗമാണല്ലോ കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ
മാഗസിൻ. ഈ ശ്രമത്തിന് എല്ലാവിധ ആശംസകളും
നേർന്നു കൊള്ളുന്നു.

[കൈറ്റ് മാസ് റ്റേഴ്സ്]

*ജെസ്സി. എം . കെ,* *ഷൈനി ജോയി*

TECMA

# ലിറ്റിൽ കൈറ്റ്സ് എഡിറ്റോറിയൽ അംഗങ്ങൾ

വർഷ.പി

ഫർസാന.എസ്സ്

അനന്യ.എസ്സ്

ആര്യ.ആർ

ഭാഗ്യലക്ഷ്മി.എസ്സ്

ഹസ്ന.സക്കീർ

ബിസ്മി.മോൾ.എൻ

അശ്വിനി.ആർ.കുറുപ്പ്

ഭവ്യ.അനിൽ

അപർണ്ണ.എ

ശ്രീക്കുട്ടി.എസ്സ്

ദേവിക.എ

ഗായത്രി.സുരേഷ്

ശ്രീലക്ഷ്മി.എൻ.ജെ

# ഉള്ളടക്കം


കവിത

കഥ

യാത്രവിവരണം

ജീവചരിത്രം

ക്വിസ്സ്

ഉപന്യാസം

പെതുവിജ്ഞാനം

ചിത്രങ്ങൾ

അനുഭവക്കുറിപ്പ്

# ജീവൽ സ്പന്ദങ്ങൾ



എന്റെ ഭ്രമിയായ് വെള്ളമായ്
വായുവായ്

എന്റെ നിത്യനിദാനമാം സ്നേഹമേ ,

നെഞ്ചിൽ നീർവീഴ്ച ഞെക്കി ഞെരുക്കവേ

നേല്ലരിത്തിള വെള്ളപ്പകർച്ചയായ്

എൻ മുറിപാടു പോത്തിപ്പൊതിഞ്ഞിടും

പഞ്ഞിയായ് നേർത്തശീലയായ് ചീന്തലായ്

എന്റെ വേരിന്റെ മണ്ണിൽ വളങ്ങളായ്

എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്

എന്റെ അന്നമായ് ഉപ്പായ് അനച്ചമായ്

എന്റെ നിത്യനിദാനമാം സ്നേഹമ

ജി. കുമാരപിള്ള

# ഭാഗ്യമായി മാറുന്ന നിർഭാഗ്യങ്ങൾ

ഒരു ദിവസം ഔസേപ്പിന്റെ കഴുതയെ കാണാതായി.



കുറേ അന്വേഷിച്ചിട്ടും

കഴുതയെ കണ്ടുകിട്ടിയില്ല.

"എന്തൊരു നിർഭാഗ്യം!"

ജനങ്ങൾ പറഞ്ഞു.

കുറച്ച് ദിവസം

കഴിഞ്ഞപ്പോൾ ആ ആൺകഴുത ഒരു പെൺകഴുതയെ

കൂട്ടി കൊണ്ടുവന്നു.

“എന്തൊരു ഭാഗ്യം!”

ജനങ്ങൾ അത്ഭുതപ്പെട്ടു.

പിന്നൊരു ദിവസം ഔസേപ്പിന്റെമകൻ വീണ്

കാലൊടിഞ്ഞു.

"എന്തൊരു നിർഭാഗ്യം!"

ജനങ്ങൾ പറഞ്ഞു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ രാജ്യത്തെ ചെറുപ്പക്കാരെയെല്ലാം നിർബന്ധമായി യുദ്ധരംഗത്തേക്ക് കൊണ്ടുപോയി. അവരിൽ അധികംപേരും മരിച്ചു. കാലൊടിഞ്ഞിരുന്നതുകൊണ്ട് ഔസേപ്പിന്റെ മകനെ മാത്രം യുദ്ധരംഗത്തേക്ക് കൊണ്ടുപോയിരുന്നില്ല.

“എന്തൊരു ഭാഗ്യം!”

ജനങ്ങൾ പറഞ്ഞു.

ഔസേപ്പിന്റെ ജീവിതത്തിൽ ഇങ്ങനെ പലതും സംഭവിച്ചു.

**ജനങ്ങൾ അതിനെല്ലാം ഭാഗ്യമെന്നും നിർഭാഗ്യമൊക്കെ പേരിട്ടെങ്കിലും ഔസേപ്പ് അതൊന്നും ഭാഗ്യമോ നിർഭാഗ്യമോ ആയി കണക്കാക്കിയില്ല. ഔസേപ്പ് ഇങ്ങനെ പറഞ്ഞു. “നിർഭാഗ്യമെല്ലാം പിന്നെ ഭാഗ്യമായി മാറും.”**

# കഴുതയുടെ പാട്ടുകച്ചേരി



ഒരിക്കൽ ഒരു കുറുക്കനും

കഴുതയും കൂടി ഒരു പച്ചക്കറിത്തോട്ടത്തിൽ കടന്നു.



കുറുക്കൻ അവിടെ നിന്ന് ഒരു

കോഴിയെ പിടിച്ചുതിന്ന്

വിശപ്പടക്കി.

കഴുത തോട്ടത്തിലെ

പച്ചക്കറികളൊക്കെ തിന്ന്

വെളുപ്പിച്ചു വിശപ്പടക്കി.

"അളിയാ, എനിക്ക് സന്തോഷംകൊണ്ട് പാട്ടുപാടാൻ

തോന്നുന്നു," കഴുത പറഞ്ഞു.

"പൊന്നളിയാ, നീ പാടല്ലേ! കർണകഠോരമായ

നിന്റെ പാട്ടുകേട്ടാൽ കാവൽക്കാരൻ

ഓടിവരും,"തടഞ്ഞു.പക്ഷേ കഴുത കൂട്ടാക്കിയില്ല.

"ബ്രേ-ബ്രേ"കഴുത കഠോരശബ്ദത്തിൽ പാട്ടുതുടങ്ങി.

ശബ്ദം കേട്ട് കാവൽക്കാരൻ തോട്ടത്തിലേക്ക്

ഓടിയെത്തി. അതുകൊണ്ട് കുറുക്കൻ ഓടി രക്ഷപ്പെട്ടു.

കഴുതയ്ക്ക് ഓടാൻ കഴിഞ്ഞില്ല. തിന്ന് വീർത്തവയറിന്റെ ഭാരം കാരണം അതിന് വേഗം നടക്കാൻപോലും വയ്യായിരുന്നു.

കാവൽക്കാരൻ കഴുതയെ പൊതിരെ തല്ലി. അയാൾ അവന്റെ കഴുത്തിൽ ഒരു വലിയ കല്ലും കെട്ടിവിട്ടു.

പാവം കഴുത വേച്ചു വേച്ച് പുറത്തേക്കു നടന്നു.

പാവം കഴുത!

**അവന്റെ കട്ടുതീറ്റയും പാട്ടുകച്ചേരിയും അന്നത്തോടെ അവസാനിച്ചു.**

സ്നേഹ
8f

TECMA

# എന്റെ കേരളം



പാട്ടും പുഴകളും

തോടും- മോടി

കൂട്ടും മലരണികാട്ടും

നീളെ കളകളം പാടും -കാട്ടു-

ചോലയുമാമണിമേട്ടും

വെള്ളിയരഞ്ഞാണം പോലെ -ചുറ്റും

തുള്ളികളിക്കും കടലും

കായലും നീലമലയും - നീളേ

കോരിത്തരിക്കും വയലും

പീലിനിവർത്തിയാട്ടും-കൊച്ചു

# നീലക്കടൽ

എൻ മനസ്സിൽ  നിറഞ്ഞുനിൽക്കും
എൻ മനോഹരി എന്റെ  കൂട്ടുകാരി
ഓർമ്മതൻ ജീവിതം എത്ര സുന്ദരം
 നല്ല നാളേക്കായ് ലോകം ,ശാന്തമായി
നിൽക്കുന്ന എൻപ്രിയ കൂട്ടുകാരി
 നമ്മൾ കാണാത്ത ഇടങ്ങളുണ്ട് .
   മഞ്ഞുമൂടിയ മരുഭൂമികൾ പർവതങ്ങൾ,
  സമുദ്രത്തിന്റെ ആഴങ്ങൾ ,പ്രഭാതമായി
സൂര്യൻ തെളിഞ്ഞു .ഇളംവെയിലിൽ
 മന്ദനിലാവിൽ കടൽകിടന്നു മയങ്ങി
ഇളകുന്ന വാഴയിലയിലൂടെ
ഛായ പുരപ്പുറത്തങ്ങനെ ചാലിച്ചു
കൊണ്ടിരിക്കുന്ന നീലക്കടൽ

വർഷ 9c

TECMA

# കഥകളി

കേരളത്തിന്റെ തനതായ ഒരു ദൃശ്യകലാരൂപമാണ് കഥകളി.



നമ്മുടെ സാംസ്കാരിക തനിമ വിളിച്ചോതുന്നതിൽ ഒരു പ്രധാന സ്ഥാനമാണ് ഈ കലയ്ക്ക് ഉള്ളത്.

*നൃത്തം,നാട്യം,എന്നിവയുടെ സമഞ്ജസ സമ്മേളനം അത്രേ കഥകളി. കലകളുടെ രാജാവും രാജാക്കന്മാരുടെ കലയായുമാണ് കഥകളി അറിയപ്പെടുന്നത്. 17-ാം നൂറ്റാണ്ടിൽ കൊട്ടാരക്കര തമ്പുരാൻ രൂപകല്പന ചെയ്ത 'രാമനാട്ടം' എന്ന കലാരൂപത്തിൽ നിന്നാണ് കഥകളിയുടെ പിറവി. കഥകളി വിവിധ തരം സമ്പൂർണ വേഷഭംഗികൊണ്ട് സമ്പന്നമാണ്. അവതരണത്തിൽ വെട്ടത്ത് രാജാവും അവതരണ രീതിയിലും ആട്ടകഥയിലും കോട്ടയത്ത് തമ്പുരാനും വരുത്തിയ പരിഷ്കരണങ്ങൾ കഥകളിക്ക് വ്യക്തത നൽകി. കപ്ലിങ്ങാട്ട് നമ്പൂതിരി, വെള്ളാട് ചാത്തുപണിക്കർ എന്നിവരുടെ ശ്രമങ്ങൾ കൂടി ആയപ്പോൾ കഥകളി ഇന്നത്തെ രൂപഭാവങ്ങളിൽ ആർജ്ജിച്ചു.*

# പൂമഴ

പൂമഴയെ എന്നെ തേടുകയാണോ

പൂക്കളുമായി നീ വന്നെത്തി

എൻ ഹൃദയം കുളിരുന്നു

കണ്ണുകൾ മിന്നുന്നു

ഗ്രാമങ്ങൾ തളിർക്കുന്നു

എന്റെ സ്നേഹം പൂമഴയാണ്

എന്റെ രാഗം പൂമഴയാണ്

പൂമഴ എൻ പ്രണയമഴയാണ്

എൻ പ്രണയമഴ

ഷിഫാന മുജീബ്

# എന്റെ കേരളം

കേരം തിങ്ങും കേരള നാടിൻ

കനിവറ്റം മൊഴി മലയാളം

കളകളമൊഴുകും കുളിരരുവികളും

കതിരാടുന്ന വയലേലകളും

കളിപറയുന്നൊരു കിളിമകളും

കലയും കാവ്യവും

കരവിരുതുകളും



സൗഭാഗ്യത്തിൻ നിറമല്ലൊ

കരയും കായലും കനവുകൾ നല്കിയ-

കവികൾ പാടിയ കാവ്യസ്മരണകളും

പലവർണ്ണത്തിൽ പുഞ്ചിരി പൂശി

കണ്ണമിഴിക്കും ചെറുപൂവുകളും

അവരുടെ സഖിയായ പൂമ്പാറ്റകളും

കാവക്കാരൻ കരിവണ്ടും കണ്ടു കണ്ണ-

കുളിർക്കും കാഴ്ചകൾ തന്നെ

കളിയല്ലിതു കൈരളിയുടെ കഥ തന്നെ.

ഐഷ .നിസ.സെയിൻ

# ലക്ഷ്യബോധം

നമ്മുടെ ജീവിതത്തിൽ ലക്ഷ്യബോധം ആണ് ആദ്യം വേണ്ടത്. ലക്ഷ്യബോധം



ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ജീവിതത്തിൽ മുന്നേറാൻ കഴിയൂ. നമ്മുടെ ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിന് വേണ്ടി നാം കഠിനമായി അധ്വാനിക്കണം. നമ്മുടെ ആത്മധൈര്യം കൊണ്ട് ഏതൊരു അപകടത്തെയും ദൂരീകരിക്കുന്നത് പോലെയാണ് ലക്ഷ്യബോധം കൊണ്ട് മുന്നേറുന്നത്.


ഇന്നത്തെ സമൂഹത്തിൽ കാണാത്തതും അതുതന്നെയാണ്. ഇന്നത്തെ കുട്ടികൾക്ക് ലക്ഷ്യബോധം ഇല്ല. അവരെന്തിനോ വേണ്ടി പഠിക്കുന്നു. ആർക്കൊ വേണ്ടി

എന്തൊക്കെയോ ചെയ്യുന്നു. അങ്ങനെയല്ല വേണ്ടത്. നമ്മൾ പഠിക്കുന്നത് പുതിയ പുതിയ കാര്യങ്ങൾ കണ്ടെത്താനാണ്. നമ്മളെത്തന്നെ കണ്ടെത്താൻ നമ്മുക്ക് പഠനത്തിലൂടെ സാധിക്കും.

ജീവിതത്തിൽ വിജയിച്ച എല്ലാ വ്യക്തികൾക്കും ലക്ഷ്യബോധം ഉണ്ടായിരുന്നു. അതിന്റെ വലിയ ഒരു ഉദാഹരണമാണ് നമ്മുടെ മുൻ പ്രസിഡന്റ് ഡോ.എ.പി.ജെ അബ്ദുൽ കലാം. രാമേശ്വരത്ത് പത്രം വിറ്റ് ജീവിച്ചിരുന്ന അദ്ദേഹം ഭാരതത്തിന്റെ മിസൈൽ മാൻ ആയി മാറിയത് അദ്ദേഹത്തിന്റെ ലക്ഷ്യബോധം കൊണ്ടാണ്. ലക്ഷ്യബോധവും കഠിനാധ്വാനവും കൊണ്ട് അദ്ദേഹം നല്ല നിലയിലെത്തി. അങ്ങനെ ഒരുപാട് ഉദാഹരണങ്ങളുണ്ട്.

# അമ്മയാകുന്ന മലയാളം


മധുരമേറുന്ന മലയാള ഭാഷ



മിഴികൾ നാം.... തോഴികൾ നാം......

കേരള ജനത തൻ അതമസംതൃ

പ്തിയേകും ഭാഷ തൻ മലയാളം വിടരുന്ന



താമരെപോൽ പതിയെ വിടരുന്ന മലയാളം
,

ചൈതന്യമേറുന്ന വാക്കുകൾ

നിറഞ്ഞൊരു പുണ്യമായ് മലയാളം

എന്നകതാരിൽ പൊഴിയുന്നൊരു

ഊണമായി മലയാളം ,പ്രിയ മലയാളം

ആ മഹാഭാഷ തൻ മടിത്തട്ടിൽ

ഞാൻ ഒരു അമ്പാടി പൈതലായി

എന്നു വണങ്ങുവാൻ കൊതിക്കുന്നു

മാനസം , ആ തിരുവടി മുന്നിൽ തൻ

ഭവ്യ .അനിൽ

# എൻെറ വീട്

എൻെറ വീട് അതൊരു സ്വർഗ്ഗമാണ്.ഞാനും അമ്മയും അച്ഛനും അനുജനും ചേർന്നൊരു സ്വർഗ്ഗം.

അശ്വതി

5.സി



# അമ്മയുമൊത്തുള്ള മാവിൻ ചോട്ടിലെബാല്യകാലം

ബാല്യകാലം എന്നത് എല്ലാവരുടേയും ഒരു പ്രിയപ്പെട്ട കാലമാണല്ലോ. അതുപോലെ പ്രിയപ്പെട്ടതാണ് എനിക്കും. ഓണക്കാലങ്ങൾ ബാല്യകാലത്തെ ഏറ്റവും നല്ല ഓർമ്മകളാണ്. അമ്മയുമൊത്ത് പൂക്കളം ഒരുക്കിയതും പൂക്കൾ ഇറുത്തതും പിന്നെ കൊച്ചുകൊച്ചു പിണക്കങ്ങളും ഇണക്കങ്ങളും ഇപ്പോഴും കൺമുന്നിൽ ഉണ്ട്. കാരണം അത്രക്കും നല്ല ഓർമ്മകളായിരുന്നു അത്. പിന്നെ അമ്മയുമൊത്ത് അമ്പലത്തിൽ പോയതുമൊക്കെ നല്ലനല്ല ഓർമ്മകളാണ്. എന്തു പറയാനും ഒരു സുഹൃത്തിനെ പോലെയായിരുന്നു എനിക്ക് അമ്മ. തെറ്റു ചെയ്താൽ ശകാരിക്കുമായിരുന്നു അമ്മ. ഒരു ചെറിയ ദുഃഖം തോന്നുമെങ്കിലും പിന്നെ അതു ഓർക്കുമ്പോൾ തോന്നും അമ്മ പറഞ്ഞതിൽ

കാര്യമുണ്ടെന്ന്. എന്നെ എല്ലാ കാര്യങ്ങളിലും പ്രോത്സാഹിപ്പിക്കുകയും തെറ്റുകൾ തിരുത്തി എന്നെ നല്ല വഴിയെ പണ്ടും ഇപ്പോഴും നടത്തുന്നതിൽ കൂടുതൽ പങ്കു വഹിക്കുന്നത് എന്റെ അമ്മയാണ്.

അനുഭവകുറിപ്പ്

നന്ദന.എസ്സ്.പിള്ള

# മഴവില്ല്

ഏഴുനിറത്തിൽ ചാലിച്ച്

ആകാശത്ത് വിരിയുന്ന

ഒരു പുത്തൻ

മഴയൊന്ന് വന്നാൽ

ആകാശത്ത് വിടരും

പൂന്തിങ്കൾ

പൂവിരിയും പോൽ

ആകാശത്ത് വിടരുന്ന്

പുഞ്ചിരിതൂകുന്ന മഴവില്ല്

പ്രകൃതിക്ക് ഭംഗി നൽകുന്ന

ഈ ഏഴു നിറം



ദുന്യാ ഇർഷാദ്

# എന്നിലെ വസന്തം

ഓർമ്മകളിൽ നൂറുപൂക്കൾ

ചേർന്ന് നില്ക്കും രാവുണർ-

ന്നപോലെ വിമൂകമാമെൻ

മനോരഥത്തിൽ



ഏകാകിയാ-

മെൻ ഓർമ്മകളെ

ഈ പുതുയാമങ്ങളിൽ

രാവേറെയായെൻ മന്ദസ്മിതങ്ങളിൽ

ഓടിയെത്തും............ഓർമ്മകളെ നീ

യെവിടെ.......പൂവസന്തം പോലെ

യുള്ള നീയെവിടെ രാത്രി

പോലെ നീയെങ്ങ് മാഞ്ഞു

നീ എങ്ങു മാഞ്ഞു

ശ്രീലക്ഷ്മി 9 ഡി

# സോദരൻ

സോദരൻ തമ്മിലേ പോരൊരു
പോരല്ലാ സൗഹൃദത്തിൻ
കലങ്ങി മറിയുന്ന
യഥാർത്ഥ
സ്നേഹമായി തിളങ്ങുന്ന
വെളിച്ചമാണ് ,കൈയ്യിൽ
നിന്ന് ഉതിരുന്ന പ്രഹരങ്ങ-
ളെല്ലാം സ്നേഹത്തിൻ
തലോടലാം യാത്ര ശത-
ജന്മങ്ങൾ കഴിഞ്ഞാലും
ഈ സ്നേഹം മായില്ല.




ഗായത്രി.എസ്സ്.കുറുപ്പ്
8F

# പ്രളയം




ഇരമ്പിരമ്പി വെള്ളം വന്നു
കാടും, പുഴയും, മലയും
കടന്നു
തകർത്തെറിഞ്ഞവൻ
അലച്ചുതള്ളി

ഭ്രാന്തമായ് പായുന്നവനെനോക്കിനിന്നു-
മാലോകരെല്ലാം അമ്പരന്നു
ഇനിയെന്തു ചെയ്യും നമ്മൾ സോദരാ
ഇനിയെന്തുചെയ്യും.....

കടലിന്റെ മക്കൾ കൈകോർത്തു നിന്നിട്ടി-
ജനതയ്ക്ക് തണലേകാൻ
വന്നു സൈനിക നായകന്മാർ
ഈ ജനതയ്ക്ക് മിഴിവേകാൻ.

ഒന്നിച്ചു കേരള നാടിൻ മക്കൾ
നല്ലൊരു നാളയെ വരവേൽക്കാൻ
ഇനി നാം ചെയ്യണം സോദരാ
നമ്മൾ മലയാളനാടിൻ മക്കൾ......

**അജ്മിയ.വി . 8F**

TECMA

# ലഹരിയെന്ന വിപത്ത്

മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും വിപത്തുകളെപ്പറ്റി എല്ലാവർക്കും അറിയാമല്ലോ. ഒരിക്കലും ഈ ആപത്തിൽ പെട്ട് പോകരുതേ. ശരിയല്ലാത്ത കൂട്ടുകെട്ടും ദുശ്ശീലങ്ങളും



വളർത്തുന്ന സാഹചര്യവും ഒഴിവാക്കണം.മദ്യവും മയക്കുമരുന്നും നിങ്ങളലെ വ്യക്തിത്വത്തെ ഇല്ലാതാക്കും.കഴിവുകളെ നഷിപ്പിക്കും. സ്നേഹബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും ഇല്ലാതാക്കും. മാതാപിതാക്കളെയും ഉറ്റമിത്രങ്ങളെയും വെറുപ്പിക്കും. സമൂഹം അകറ്റിനിർത്തുന്ന ഒരാൾക്ക് നാടിനു വേണ്ടി ഒന്നും ചെയ്യാനാവില്ല. മയക്കുമരുന്നിനെതിരെയുള്ള പ്രവർത്തനത്തിനു നാം മുന്നിട്ടറങ്ങണം. ചുറ്റുമുള്ള ആരെങ്കിലും തോറ്റായ വഴിയിൽ സഞ്ചരിക്കുന്നുവെന്നറിഞ്ഞാൽ അദ്ധ്യാപകരോട് പറയാൻ മടിക്കരുത്.

# മഴ

ആകാശത്തിൻ കരിനിറ-
മാകുന്ന മഴ മോഘം ഒരു
നാൾ ഒരു നിമിഷം ഒരു
പൊട്ടിക്കരച്ചിൽ,തുടങ്ങി
അലറി ആർപ്പുവിളിച്ച്
കൊട്ടി ഘോഷിച്ച്
മൗനം വെടിഞ്ഞ്
ഈണത്തിൽ ഒരു ഗാനം



മൂളി മൂളി താള ലയ
ഭാവഭേദങ്ങളിൽ
ഈണത്തിൽ പാടിയ
പാട്ടിൽ രാഗം മറന്നവൾ
ഇരുട്ടിന്റെ മറവിൽ,
പകലിന്റെ വെളിച്ചത്തിൽ,
അവളുടെ സന്തോഷങ്ങൾ നിറച്ച
കണ്ണുനീർ തുള്ളികളിലൂടെ ഭൂമിയിലേക്കയച്ചു.

സമർപ്പണം
അനന്യ.എസ്സ്

# എൻെറ വിദ്യാലയം



യുക്തി തികഞ്ഞൊരു
മാനുഷനോടായ്
ഭക്ത്യാദരമൊരു വനിതാരത്നം
ഇങ്ങനെയൊള്ളൊരു വിദ്യാലയമതിൽ
"എങ്ങനെയൊള്ളൊരു വിദ്യാലയമതിൽ"
"എന്നുടെ മകളെ ചേർക്കുക വേണം"
മുൻ പിന്നൊന്നും ചിന്തിക്കാതെ
മാനുഷനവരോടുര ചെയ്തിങ്ങനെ:
"എന്നാലിനിയൊരു പേരുര ചെയ്യാം"
എന്നുടെ മനമതിലരുളിയാപോലെ;
ബഥനി എന്നുണ്ടൊരു സ്കൂൾ
വിരുതോടു വിലസും വിദ്യാകേന്ദ്രം
ബഥനി ജയ ജയ ബഥനി
ബഥനി ജയ ജയ ബഥനി....

നിവേദ രാജ് X.D

# സ്നേഹത്തിന്റെ പാതയിൽ

അമ്മ എന്ന വാക്കിന്റെ വ്യക്തി ധാരാളം പ്രാധാന്യം ഉണ്ട്. ഒരു കുട്ടിയുടെ ജീവിതം മുന്നോട്ട് നയിക്കാൻ അമ്മയുടെ സഹായം തീർച്ചയായും വേണം.



അതുപോലെയാണ് എന്റെ ജീവിതവും. എന്റെ അമ്മയില്ലാത്ത ഒരു ദിവസം പോലും എന്റെ കുട്ടിക്കാലത്തില്ലായിരുന്നു. കുട്ടിക്കാലത്ത് ആഹാരം വാരിത്തരുന്നതും കുളിപ്പിക്കുന്നതും ഒരുക്കുന്നതും എന്റെ അമ്മയായിരുന്നു.എല്ലാ കുട്ടികളുടെ ജീവിതവും ഇതുപോലെയാണ്.സ്വന്തം കുട്ടികൾക്കു വേണ്ടി എന്തും ചെയ്യും അമ്മമാർ.ലോകത്തിൽ കുട്ടികളെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതും അമ്മയാണ്.എന്റെ അമ്മയും ഇതിൽ ഒരാളാണ്.അമ്മമാർ സ്നേഹത്തിന്റെ

പ്രതീകമാണ്.ആ സ്നേഹത്തിന്റെ വാതിൽ കുട്ടികകൾക്കു വേണ്ടി എപ്പോഴും തുറന്നുകിടക്കും.ഞാൻ എന്ത് തെറ്റ് ചെയ്താലും അതു ക്ഷമിക്കാനും ആ തെറ്റ് തിരുത്താനും എന്റെ അമ്മ ശ്രമിക്കും.ആ സ്നേഹത്തിന്റെ കരങ്ങൾ എനിക്ക് എന്നും സന്തോഷം പകർന്നു തന്നു.ഒരു പക്ഷിക്കു അതിന്റെ ചിറകുകളാണ് ഏറ്റവും പ്രധാനം.അതുപോലെയാണ് എനിക്കു എന്റെ അമ്മയും.ദൈവം കുട്ടികൾക്കു നൽകുന്ന ഏറ്റവും വലിയ സമ്മാനമാണ് അവരുടെ അമ്മ.

സമർപ്പണം;

അശ്വനി.ആർ.കുറുപ്പ്

# കരുതൽ



കാക്ക അണ്ണാറക്കണ്ണനെ മുറിവാലനെന്ന് കളിയാക്കാറുണ്ടായിരുന്നു .അണ്ണാറക്കണ്ണൻ കാക്കയെ കരകരപ്പാട്ടുകാരീ എന്നും.കാക്ക ഒന്നും കരുതിവയ്ക്കാതെ കിട്ടുന്നതെല്ലാം അപ്പപ്പോൾ തിന്നും.അണ്ണാറക്കണ്ണൻ കൂട്ടിൽ കുറച്ചെങ്കിലും മിച്ചം സൂക്ഷിക്കും.മഴക്കാലം വന്നപ്പോൾ കാക്ക അണ്ണാനോട് ചോദിച്ചു :'എൻെറ മുറിവാലൻ ചങ്ങാതീ ,കുറച്ച് മാങ്ങാത്തൊലി എനിക്ക് കടം തരാമോ?'അണ്ണാൻ പറഞ്ഞു ,ഏയ് കരകരപ്പാട്ടുകാരീ ,മഴക്കാർ വരുന്നത് കാണുന്നില്ലേ, കടൽ ഇരമ്പുന്നത് കേൾക്കുന്നില്ലേ?'അതിനെന്ത്? നിൻെറ സമ്പാദ്യം എൻെറ കൂട്ടിൽ കൊണ്ടുവന്നു വെക്ക്.ഞാൻ സംരക്ഷിക്കാം.'കൊള്ളാം! അണ്ണാൻ ചിരിച്ചു:'മുതലവായിൽ കോഴിക്കുഞ്ഞിനെ വയ്ക്കണോ?

**ഗുണപാഠം:കരുതിവെക്കാൻ മാത്രമല്ല,അതു സംരക്ഷിക്കാനും ജാഗ്രത വേണം.**

*അശ്വതി സനൽ*

TECMA

# കാരുണ്യവാനായ ധനികൻ

കാടിനോട് ചേർന്നുള്ള ഒരു ചെറിയ വീട്ടിലാണ് കുട്ടന്റെ താമസം. അച്ഛനും അമ്മയും അടങ്ങുന്ന ഒരു ചെറിയ കുടുംബമാണ് അവന്റേത്. കാട്ടിൽനിന്ന് വിറക് ശേഖരിച്ചാണ് അവർ കഴിഞ്ഞിരുന്നത്. ഒരിക്കൽ അവന്റെ അച്ഛനും അമ്മയ്ക്കും കഠിനമായ ഒരു

രോഗം പിടിപ്പെട്ടു. വളരെപ്പെട്ടെന്ന് അവർ അവനെ വിട്ടുപോയി.പിന്നീട് ദുരിതങ്ങൾ നിറഞ്ഞതായിരുന്നു അവന്റെ ജീവിതം മുന്നോട്ട് കോണ്ടുപോയത്. അതിനിടയിലും തന്റെ ജീവിതത്തിൽ നിന്ന് സത്യസന്ധതയെ അദ്ദേഹം കൈവെടിഞ്ഞില്ല. അങ്ങനെ ഒരിക്കൽ അവൻ വളരെ ഉയർന്നനിലയിൽ എത്തി. ഇതിനിടയിൽ പാവങ്ങളെ അവൻ വളരെ അധികം സഹായിച്ചു. അതുകൊണ്ടുതന്നെ അവന്റെ നില ദിനംപ്രതി മെച്ചപ്പെട്ടുകയായിരുന്നു.

മനസ്സുള്ളവരുടെ കൂടെ ദൈവം എന്നും കാണും എന്നത് ഈ കഥയിലൂടെ മനസ്സിലാക്കാം.

സമർപ്പണം *നന്ദന.എസ്*

TECMA

# പ്രകൃതി നമ്മുടെ സ്വത്ത്



പ്രകൃതിയുടെ മനോഹാരിത എത്രയുണ്ടെന്ന് ആർക്കും പറയാനാവില്ല. പ്രകൃതിയിലെ പുല്ലുകൾ, പുഴകൾ, മലകൾ, ചെടികൾ എല്ലാത്തിനും പറയാനായിരം കഥകൾ ഉണ്ടാവും. പക്ഷേ നമ്മൾക്ക് അവരുടെ ഭാഷ അറിയാത്തതുകൊണ്ട് അത് മനസ്സിലാവുകയില്ല. എന്തൊക്കെയായാലും നമ്മുടെ ഭാഷയെക്കാൾ ഏറെ സുന്ദരമാണ് അവരുടെ ഭാഷ. പുല്ലുകളുടെ പച്ചപ്പും,പുഴകളുടെ മനോഹാരിതയും ഒക്കെ ഉണ്ടെങ്കിലെ പ്രകൃതിയുള്ളൂ.ഇന്നത്തെ തലമുറക്ക് പച്ചപ്പെന്തെന്ന് അറിയില്ല.പ്രകൃതിയിലെ സുന്ദരമായ പച്ചപ്പും മനോഹാരിതയും ഇന്നത്തെ കാലഘട്ടത്തിൽ നിന്നു മാറിയിരിക്കുന്നു.പണ്ടത്തെ ആളുകൾക്ക് ഇന്ന്

പ്രകൃതിയുടെ ഭംഗി ആസ്വദിക്കണമെങ്കിൽ അവർക്കു

സ്വപ്നം കാണേണ്ട അവസ്ഥ ഉണ്ടായിരിക്കുകയാണ്.

അത് അവർക്ക് തീർത്താൽ തീരാത്ത നഷ്ടമാണ്

പുഴകൾ നികത്തിയും പുല്ലുകളും ചെടികളും

വെട്ടിനശിപ്പിച്ചും മലകൾ നികത്തിയുമൊക്കെ ഫ്ലാറ്റും

റിസോർട്ടും പോലുള്ള കെട്ടിടങ്ങൾ പണിതു

ആളുകളുടെ കൈയ്യിൽ നിന്നും പൈസ

കൊള്ളയടിക്കുക എന്നാണ് ഇതിന്റെയൊക്കെ

ഉടമസ്ഥരുടെ ലക്ഷ്യം.എങ്ങനെയും പൈസ

ഉണ്ടാക്കുക എന്നാണ് എല്ലാവരുടെയും ലക്ഷ്യം.

"ദൈവത്തിന്റെ സ്വന്തം നാട്" എന്നറിയപ്പെടുന്ന

നമ്മുടെ നാടിന്റെ അവസ്ഥ വളരെ ദയനീയമാണ്.ഈ

പേര് നമ്മൾ എങ്ങനെയെങ്കിലും തിരിച്ചെടുക്കണം.

അതിനായി എല്ലാവരും ഒത്തൊരുമയോടെ

പോരാടണം.ദൈവം തന്ന ഏറ്റവും വലിയ സ്വത്താണ്

പ്രകൃതി.അതു നശിപ്പിക്കരുത്.

*സമർപ്പണം:* *വർഷ.എസ്സ്.ബിന്ദു*

*TECMA*

# ജ്വലിച്ചുയരും എൻ ബഥനി

സ്ത്രീജനോദ്ധാരണം ലക്ഷ്യമാക്കിക്കൊണ്ട് ദൈവദാസൻ മാർഇവാനിയോസ് പിതാവിനാൽ സ്ഥാപിതമായ "ബഥനി" 87 വർഷങ്ങൾ പിന്നിടുമ്പോൾ ഈ ആക്ഷരമുത്തശ്ശിക്ക് ഓത്തിരി ഏറെ സ്മരണകൾ ആയവിറക്കുവാൻ ഉണ്ട്. കഴിഞ്ഞ പതിനേഴ് വർഷങ്ങളായി ഈ സരസ്വതീക്ഷേത്രത്തിൽ ആയിരിക്കുവാൻ സർവശക്തനായ ദൈവം കനിഞ്ഞ് അനുഗ്രഹിച്ച്. ഈ നീണ്ട വർഷങ്ങൾ ഇന്നലെയെന്നപോലെ കഴിഞ്ഞുപോയി. കുട്ടികളുടെ നാനാവിധമായ വളർച്ചയെ ലക്ഷ്യമാക്കി മൂല്ല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുന്നതിന് അഹോരാത്രം പരിശ്രമിക്കുന്ന ഒരു കൂട്ടം അധ്യാപകരാണ് ഇവിടെയുള്ളത്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ അവരെ മികവുറ്റവരാക്കുവാൻ അവരോടൊപ്പം ആയിരിക്കുന്ന അധ്യാപകർ ഇതിനെല്ലാം ചുക്കാൻ പിടിക്കുന്ന പ്രധമഅധ്യാപിക, ഇന്ന് ബഥനിയുടെ യശസ്സ് ഉയർത്തികാട്ടുന്നു.

നമ്മുടെ രാജ്യത്തിന്റെ എന്നല്ല, ഈ

ലോകത്തിലെ തന്നെ ഏതു മുക്കിനും മൂലയ്ക്കും ചെന്നാൽ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥിനികൾ-ബഥനിമക്കൾ-കുശലാന്വേഷണവുമായി എവിടെയുമുണ്ടാകും. അപ്പോൾ ഞാൻ അനുഭവിക്കുന്ന ആ സന്തോഷം അവാച്യമാണ്. ബഥനിയിൽ പഠിച്ച് പടിയിറങ്ങിയ കുഞ്ഞുമക്കൾ മുത്തശ്ശിമാരായെങ്കിലും അവർക്ക് ബഥനിയെ മറക്കാനാകില്ല. ഇന്നീ അങ്കണത്തിലേക്ക് കടന്ന് വരുന്ന കുഞ്ഞുങ്ങളിൽ അധികവും അവരുടെ മക്കൾ അല്ലെങ്കിൽ കൊച്ചുമക്കളാണ് എന്നതാണ് ബഥനിയുടെ പ്രത്യേകത അതാണ് ബഥനിയുടെ മഹത്വം.

സ്ത്രീയാണ് ഭവനത്തിന്റെ ഐശ്വര്യം. സ്ത്രീനന്നായാൽ ഒന്നല്ല ഒൻമ്പത് കുടുംബം നന്നാവും. അതോടൊപ്പം സമൂഹവും. ഇന്നിവിടെ നിന്നും ലഭിക്കുന്ന വിദ്യാഭ്യാസത്തിലൂടെ ഈ ലക്ഷ്യം സാക്ഷാത്കൃതമാക്കുന്നു. ഇന്നിവിടേക്ക് കടന്നുവരുന്ന പിഞ്ചുകുഞ്ഞ് ശാരീരികമായി വളരുന്നോടൊപ്പം തന്നെ സാന്മാർഗികവും മാനസികവും ബൗദ്ധീകവും എന്നല്ല സർവ്വതോന്മുഖമായ വികാസം നേടി ഉന്നത വിദ്യാഭ്യാസത്തിനായി പുറത്തിറങ്ങുന്നു. അങ്ങനെ അവർ വീടിനും നാടിനും രാഷ്ട്രത്തിനും ഒരു മുതൽ കൂട്ടായി മാറുന്നു.ഭക്തിസാന്ദ്രവും ഹൃദ്യവുമായ ഈ

വിദ്യാലയ അന്തരീക്ഷം കിഞ്ഞുങ്ങളെ കൂടുതൽ ജ്ഞാനത്തിന്റെ മണ്ഡലത്തിൽ എത്തിക്കുന്നു. അതുപോലെ തന്നെ കലാകായികം രംഗങ്ങളിലും അതീവ ശ്രദ്ധ പുലർത്തികൊണ്ട് അവരെ ഉന്നതങ്ങളിലേക്കെത്താൻ പ്രാപ്തരാക്കുന്നു. സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞ് സമൂഹത്തിന് ഉപകാരപ്രദമായി തീരുന്നു.

*മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് ധാർമ്മിക മൂല്യങ്ങളുള്ളവരായി അനേകം കുഞ്ഞുങ്ങൾ ഈ ബഥനിയിൽ നിന്നും പഠിച്ചിറങ്ങി നമ്മുടെ രാജ്യത്തിന് മുതൽക്കൂട്ടാകുന്നു. ഈ ബഥനി നാൾക്കുനാൾ ശോഭിച്ച് വരും തലമുറയ്ക്ക് കൈമുതലായി തീരട്ടെ. ബഥനി ദൈവകൃപയുടെ നീർച്ചാലായി നിലകൊള്ളട്ടെ........*

*സിസ്റ്റർ സുധ*

# യുദ്ധം ഒരു വിപത്ത്

1945 ആഗസ്റ്റ് 6 ന് ജപ്പാനിലെ ഹിരോഷിമയിൽ അന്നാണ് അമേരിക്ക അണുബോംബ് ഇട്ടത് .



ഒരു ലക്ഷത്തിനാല്പതിനായിരം പേർ അരനിമിഷം കൊണ്ട് വെന്തു മരിച്ചു . 1945 ആഗസറ്റ് 9 ന് നാഗസാക്കിലും രണ്ടാമത്തെ അണുബോംബ് വീണു . പൊള്ളലേറ്റവരുടെ ഇടയിൽ ഓട്ടക്കാരിയാക്കാൻ കൊതിച്ചകൊച്ച് സാസക്കോവും ഉണ്ടായിരുന്നു. പ്രസരിപ്പുള്ള കൊച്ചുമിടുക്കിയായ സാസക്കോവിന്റെ അസുഖം മാറ്റുവാൻ കൂട്ടുകാർ കടലാസുകൊണ്ട് ആയിരം വെണ്ണ കൊക്കുകളെ ഉണ്ടാക്കി. എല്ലാ വർഷവും ആഗസറ്റ് 6 ന് ജപ്പാനിലെ കുട്ടികൾ വെണ്ണ കൊക്കുകൾ ഉണ്ടാക്കി കൂട്ടുകാർക്ക് സ്നേഹസമ്മാനമായി അയച്ച് കൊടുക്കുമായിരുന്നു.

***അഫ്സാന***

TECMA

# യാത്രാവിവരണം

ഓരോ യാത്രയും നമ്മേ ഓരോ അനുഭവത്തിലേക്ക് കുട്ടികൊണ്ടുപോകുന്നു.ആ അനുഭവം ഞാൻ പങ്കുവെക്കുന്നു.ഞാനും അമ്മയും ,അച്ഛനും,അനിയനും കൂടി തിരുവനന്തപുരത്ത് പോയി. വളരെനല്ല



കാഴ്ചകളായിരുന്നു.ഞങ്ങൾ ആദ്യം മൃഗശാലയിൽ പോയി.വിവിധ തരത്തിലുള്ള മൃഗങ്ങളെ ഞാൻ കണ്ടു. പലതരം പക്ഷികളെകണ്ടു പല നിറത്തിലും വർണ്ണങ്ങളിലും മറ്റുള്ളവരെ പെട്ടെന്ന് ആകർഷിക്കാൻ സാധിക്കുന്നു. ഞങ്ങൾ പീന്നിട് ധാരാളം കണ്ടു. നല്ല തിരക്കായിരുന്നു ഞങ്ങൾ പോയ ദിവസം . ഒരു മൃഗത്തിൻെയും ചലനങ്ങളും നോക്കി ഞങ്ങൾ ആസ്വദിച്ചു . നേരം ഉച്ചകഴിഞ്ഞപ്പോൾ ഞങ്ങൾ തിരികെ തിരിച്ചു . ഓരോ കാഴ്ച്ചകൾ ഇപ്പോഴും മനസ്സിൽ തിങ്ങിനിൽക്കുന്നു.

സമർപ്പണം; ശ്രീക്കുട്ടി . എസ്സ്

# ജലത്തിന്റെ ആകൃതി

- ജലത്തിന്റെ ആകൃതിയെന്താണ് ?



ഏത് പാത്രത്തിലാണോ ജലം നിറയ്ക്കുന്നത് അതിന്റെ ആകൃതി .

- മനുഷ്യന്റെ സ്വഭാവം എന്താണ് ?

മനുഷ്യൻ ഏതവസ്ഥയിലാണോ കടന്നു പോകുന്നത് അതനുസരിച്ച് സ്വഭാവവും മാറും .

ഈ വർഷത്തെ മികച്ച ചിത്രത്തിനുള്ള ഓസ്കാർ അവാർഡ് നേടിയ ഷേയ്പ്പ് ഓഫ് വാട്ടറാണ് ഈ രണ്ടു ചോദ്യത്തിനും ഉത്തരങ്ങളും നമ്മെ

ചിന്തിപ്പിക്കുന്നത്.കാരണംഅത്രമേൽ ഏകാന്തമായ ജീവിതംനയിച്ചിരുന്ന എലിസയുടെ ജീവിതത്തിലേക്ക് തീർത്തും അപ്രതീക്ഷമായി മനുഷ്യ രൂപമുള്ള ഒരു ഉഭയജീവി കടന്നു വരുന്നു . അവർക്കിടയിൽ ഉടലെടുക്കുന്നപ്രണയവുംവിഷാദവും

ശീതയുദ്ധകാലത്തെ നിഗൂഢമായ സംഘത്തിൽ നിന്നുള്ള മോചനവുമാണ് ഗില്ലെർമോ ദെൽതോറോ സംവിധാനം ചെയ്ത ഷെയ്പ്പ് ഓഫ് വാട്ടർ പറയുന്നത് കഴുത്തിൽ മുറിവും സംസാരശേഷിയില്ലായ്മയുമായി നദിയൽ നിന്നും കണ്ടെടുക്കപ്പെട്ട അനാഥയാണ് എൽസ. ഒരു രഹസ്യ ലബോറട്ടറിയിൽ ക്ലീനിംഗ് തൊഴിലാളിയായി ജോലിചെയ്യുന്നു.എൽസയുടെ ആന്തരിക ലോകത്തേക്ക് ഒരു വിചിത്രജീവി കടന്നു വരുന്നതോടെ അവളുടെ ജീവിതം മാറിമറയുന്നു .സാലി ഹോക്കിൻസ് അതി സൂക്ഷ്മമായാണ് എൽസയെ അവതരിപ്പിച്ചിരിക്കുന്നത് . ഏകാന്തതയെ ഇത്രമേൽ കൈയൊതുക്കത്തോടെ സ്ക്രീനിൽ വരച്ചിട്ടുണ്ടാവില്ലാ .ജീവിതവും ഫാന്റസിയും തമ്മിൽ പുണരുന്നതിന്റെ സാക്ഷ്യമാണ് ഷെയ്പ്പ് ഓഫ് വാട്ടർ . കലയിലൂ-ടെ നേടാവുന്ന ഏറ്റവും മഹത്തായ കാര്യം ഭൂമിയിലെ അതിർത്തികൾ ഇല്ലാതാക്കുക എന്നതാണ്. അത് നേടാൻ ഈ ചിത്രത്തിന് സാധിക്കും

**അനഘ**

# ഔഷധ മൂല്യമുള്ള നാട്ടുപഴങ്ങൾ

## ഇലന്ത (ziziphus jujuba)



- അപൂർവമായിക്കൊണ്ടിരിക്കുന്ന നാടൻ ഫലവൃക്ഷം.
- ധാരാളം ഔഷധഗുണങ്ങളുള്ളതാണ് ഇതിന്റെ ഫലം
- ഇലന്തയുടെ പച്ചകായ്കൾ പഴുക്കുമ്പോൾ മഞ്ഞ കലർ-

- ന്ന ചുവപ്പ് നിറമാകുന്നു.പഴുത്ത കായ്കളുടെ കാമ്പിനും
- മധുരമുണ്ട്.ഉണക്കപ്പഴം ഈന്തപ്പഴത്തിനു പകരമായി
- കഴിക്കുന്നു

.കാത്സ്യം,ഫോസ്ഫറസ്,ഭക്ഷ്യനാരുകൾ
- എന്നിവയാൽ സമ്പന്നം.ഔഷധഗുണവുമുണ്ട്.

- **ഞാവൽപ്പഴം (syzygium cumini)**



- മധുരവും പുളിയും കലർന്ന രുചി. 100 ഗ്രാം ഫലമജ്ജ
- യിൽ 1 ഗ്രാം മാംസ്യം,10.3 മി.ഗ്രാം കാത്സ്യം,27.7
- മി.ഗ്രാം ഫോസ്ഫറസ്,064 മി.ഗ്രാം ഇരുമ്പ് ബി. കോം
- പ്ലക്സ് വിറ്റാമിനുകൾ അടങ്ങിയിട്ടുണ്ട്.കാൻസർ രോഗത്തിനെതിരെ പ്രതിരോധ ശേഷിയുണ്ടെന്ന
- പേര് കേരളത്തിൽ വൻതോതിൽ ഇക്കഴിഞ്ഞ വർഷ ങ്ങളിൽ വിറ്റഴിക്കപ്പെടുന്നു.എന്നാൽ ഇതിന് ശാസ്ത്രീയ
അടിത്തറയില്ല.

# മധുരപ്പുളി (star fruit)



- നല്ല കായ്ഫലം തരുന്ന ചെറുഫല വൃക്ഷം.മീൻകറി-യിലും മറ്റും ചേർക്കാനാണ് സാധാരണ ഉപയോഗി
- ക്കുന്നത്. എന്നാൽ ഇത് പോഷകപരമായി ഏറെ
- മെച്ചമാണ്. ഭക്ഷ്യയോഗ്യമായ 100 ഗ്രാമിൽ 90
- ശതമാനത്തോളം ജലാംശത്തിനു പുറമേ 9.38 ഗ്രാം
- കാർബോഹൈഡ്രേറ്റുകൾ,0.38 ഗ്രാം മാംസ്യം, 44-6
- മി.ഗ്രാം കാൽസ്യം,0.8-0.9 ഗ്രാം ഭക്ഷ്യനാരുകൾ,
- 15.5-21 മി.ഗ്രാം ഫോസ്ഫറസ്,0.32-1.65 മി.ഗ്രാം
- ഇരുമ്പ്,ബി.കോംപ്ലക്സ് ജീവകങ്ങൾ,ജീവകം-സി
- എന്നിവയുണ്ട്.

# ചെറുതൊടലിപ്പഴം(ziziphs oenoplia)



- മുള്ളുകളുള്ള ചെറുമരം. നാട്ടിൻപുറങ്ങളിൽ ധാരാളം
- വളരുന്നു. പച്ചനിറത്തിൽ ചെറിയ നെല്ലിക്കപോലു
- ള്ള കായ്കൾ പഴുക്കുമ്പോൾ ചുവപ്പ് നിറമാകും.
- ഫലസംസ്കരണത്തിനും അനുയോജ്യം.

# നോനി(morinda citrifolia)



- കേരളത്തിലെ പുഴയോരങ്ങളിൽ ധാരാളം വളരുന്ന
- നിത്യഹരിത വൃക്ഷത്തിന്റെ പഴം. മഞ്ഞണാത്തി,
- കാക്കപ്പഴം എന്നീ പേരുകളിലറിയപ്പെടുന്ന ഇനപ്പഴ
- ത്തിന് ധാരാളം ഔഷധഗുണങ്ങൾ അടുത്തിടെ
- കണ്ടെത്തിയിട്ടുണ്ട്.

# പൂച്ചപ്പഴം(passiflora foetida)



- Passifloraceae കുടുംബം പാഷൻഫ്രൂട്ട് പോലുള്ള
- കായ്കളിൽ പൂച്ചയുടെ മീശരോമം പോലെ ധാരാളം
- നാരുകൾ കാണുന്നു. മഞ്ഞനിറമുള്ള നാരുകളിൽ
- *ഒട്ടുന്ന ദ്രാവകവും കാണാം. ഭക്ഷ്യയോഗ്യമാണ്.*

# കേരളത്തിലെ വനമേഖലകൾ

കേരള സംസ്ഥാനത്തിന്റെ ഏകദേശം 28% ഭൂപ്രദേശം വനമേഖലയാണ്. കേരളത്തിന്റെ വനമേഖല അതിർത്തിയോടു ചേർന്നു കിടക്കുന്ന പശ്ചിമഘട്ടത്തിന് സമീപമാണ്. ജൈവവൈവിധ്യങ്ങളാൽ സമ്പന്നമാണ് പശ്ചിമഘട്ടം.അത്യപൂർവ്വമായ സസ്യമൃഗാദികളുടെ കലവറകൂടിയാണ് പശ്ചിമഘട്ടം.




കേരളത്തിൻെറ വനമേഖലകളിൽ 51% തെക്കൻ ജില്ലകളിലാണ്കേന്ദ്രികരിച്ചിരിക്കുന്നത്. ഇടുക്കി,പത്തനംത്തിട്ട ജില്ലകളുടെ മുല്യഭാഗവും വനപ്രദേശമാണ്.കേരളത്തിൽ മാത്രം ദേശിയോദ്യാനങ്ങളാണ് സ്ഥിതിചെയ്യുന്നത്.

സൈലൻെറ് വാലി,ഇരവികുളം,പാമ്പാടും

ചോല,ആനമുടി ചോല,മതികെട്ടാൻ ചോല എന്നിവയാണ്.കൂടാതെ വന്യജീവി പതിനൊന്ന് വന്യജീവിസങ്കേതങ്ങളും രണ്ട് പക്ഷി സങ്കേതങ്ങളും ഒരു കടുവ സങ്കേത-

ങ്ങളുമുണ്ട്. 19-ാം നൂറ്റാണ്ടിൽ കേരളത്തിൻെറ 75% വനപ്രദേശമായിരുന്നെങ്കിൽ 20-ാം

നൂറ്റാണ്ടായപ്പോഴേക്കും അത് 50%മായി ചുരുങ്ങി. ഈ വനനശീകരണം തടയുന്നതിനായി കേരളത്തിൻെറ നല്ലൊരു ശതമാനം വനങ്ങളും സംരക്ഷിതവനങ്ങളുമായിട്ടുണ്ട്. ആയുർവേദമൂല്യങ്ങളുള്ള അനേകം വൃക്ഷങ്ങളുടെ ശേഖരമാണ് ഈ വനങ്ങൾ.വംശനാശം നേരിടുന്ന അനേകം ജീവജാലങ്ങൾക്ക് ആവാസ കേന്ദ്രം കൂടിയാണ് ഇത്തരം വനങ്ങൾ.

കേരളത്തിൽ വർഷംതോറും ലഭിക്കുന്ന മഴ-

യുടെ മൂല്യഹേതു ഈ പശ്ചിമഘട്ടം തന്നെയാണ്. മണ്ണൊലിപ്പ് തടയുകയും കേരളത്തിന്റെ തനതായ കാലാവസ്ഥ പ്രധാനം ചെയ്യുന്നതിനും ഈ വനങ്ങൾ കാരണമാകുന്നു.

കേരളത്തിൻെറ ശ്വാസകോശം എന്നറിയ

പ്പെടുന്ന പശ്ചിമഘട്ടമാണ് തമിഴ്നാട്ടിൽ നിന്ന് വരുന്ന കാറ്റിനെ തടഞ്ഞു നിർത്തുന്നത്. അന്തരീക്ഷമലിനീകരണം ഒരു പരിധി വരെ തടഞ്ഞു കൊണ്ട് ശുദ്ധവായു നൽകുകയും ചെയ്യുന്നു- ഇത്തരം വനങ്ങൾ. ആധുനിക മനുഷ്യന്റെ സ്വാർത്ഥലാഭത്തിന്റെ ഫലമായി നമ്മുടെ വനസമ്പത്ത് ഇന്ന് നാശത്തിന്റെ വക്കിലാണ്.ഇതിന്റെ ഫലമാണ് നാം ഇന്നനുഭവിക്കുന്ന ദുരന്തങ്ങൾക്ക്നിദാനം.നമ്മുടെ വന സമ്പത്തിനെ സംരക്ഷിക്കുവാൻസർക്കാർ അനേകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോക-ബാങ്കിന്റെ സഹായത്തോടുകൂടി സർക്കാർ വനസംരക്ഷണത്തിനായി അനേകം പരിപാടികൾകൊണ്ടുവന്നിട്ടുണ്ട്.എന്നാൽ ഇത് ശരിയായ രീതിയിൽപ്രയോജനപ്പെടുത്തുവാൻ ആധുനിക മനുഷ്യർക്ക്സാധിച്ചിട്ടില്ല. അത് തിരിച്ചറിയുമ്പോൾ മാത്രമേ യഥാർത്ഥ പ്രകൃതി സംരക്ഷണമാവുകയുള്ളൂ..

# ക്ലാസ്സ് മുറി



സ്റ്റാഫ്റൂമിന്റെ നീളൻ-
വരാന്ത
കടന്ന്,ടീച്ചറെത്തും
മുമ്പേ തുടങ്ങും.
കുളക്കോഴിയുടെ
അധികപ്രസംഗം
കാട്ടുപന്നിയുടെ
മുരൾച്ചകൾ
കടവാവലിന്റെ കുട്ടക്കരച്ചിലകൾ
അവസാനം, മന്ത്രിവിചാരണയ്ക്കൊരുങ്ങും
വിധി വിവരിച്ച് നയിക്കും,
ആരാച്ചാരിന്റെ മേശയ്ക്കരികിലേക്ക്

- ഇന്നലെ ഒഴിച്ച ഉറക്കത്തിന്റെ
ബാക്കിപത്രവുമായി
കണ്ണുകൾ പ്രതികൾക്കുവേൽ-
വെട്ടി തിളങ്ങും
ഏതോ മഹാ അപരാധത്തിന്റെ
കൊലക്കയർ,മാഷൊരുക്കിയ
കഴുമരത്തിൽ........

*ബിസ്മി.എൻ*

# നശിപ്പിക്കാൻ എന്തെളുപ്പം

പണ്ട് ഗോപാലൻ എന്നൊരു കച്ചവടക്കാരന് രാമു എന്നൊരു മകനുണ്ടായിരുന്നു .ഗോപാലൻ മകന്റെ എല്ലാ ആഗ്രഹങ്ങളും



നിറവേറ്റിക്കൊടുത്തിരുന്നു.പക്ഷേ അത് രാമുവിന് ഒരു ചീത്ത പയ്യനാക്കി തീർത്തു. അവൻ അച്ഛൻ സമ്പാദിച്ച പണമെല്ലാം ധൂർത്തടിക്കാൻ തുടങ്ങി. "മകനേ നീ പോയി പണിയെടുത്ത് സമ്പാദിച്ച് കൊണ്ടു വരണം.എന്നാലേ ഞാൻ എന്റെ സ്വത്തെല്ലാം നിനക്ക് തരികയുള്ളൂ."

അച്ഛൻ തന്റെ ഉറച്ച തീരുമാനം മകനോട് പറഞ്ഞു.മകൻ പോയി കഷ്ടപ്പെട്ട് കൂലിപ്പണി ചെയ്ത് ദിവസവും ഒരു രൂപ വീതം അച്ഛന്റെ കൈവശം കൊണ്ടുവന്ന് കൊടുക്കാൻ

തുടങ്ങി.പക്ഷേ അച്ഛൻ
അതുകൊണ്ട് ചെയ്തതെന്തെന്നോ ആ
നാണയമെല്ലാം
അദ്ദേഹം കിണറ്റിലെറിഞ്ഞു.

"ഞാൻ ഇത്രയും കഷ്ട്ടപ്പെട്ടിട്ട്
കൊണ്ടുവരുന്ന പണം  അച്ഛൻ എന്തിനാണ്
നശിപ്പിക്കുന്നത്."രാമു
പറഞ്ഞു."മകനേ, നീ അദ്ധ്വാനിച്ചപ്പോൾ
അദ്ധ്വാനത്തിൻെറവില എന്ത് എന്ന് നിനക്ക്
മനസ്സിലായി.എന്നാൽ എൻെറ പണം
ദൂർത്തടിച്ചപ്പോൾ നിനക്കത്
മനസ്സിലായില്ല.നശിപ്പിക്കാൻ എളുപ്പമാണ്
ഉണ്ടാക്കാനാണ് മകനേ ബുദ്ധിമുട്ട്."അച്ഛൻ
പറഞ്ഞു.....

# ശുഭം ....